179

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# അനാഥാലയങ്ങളും മറ്റ് ധർമ്മാലയങ്ങളും (മേൽനോട്ടവും നിയന്ത്രണവും) ആക്റ്റ്, 1960

**(1960-ലെ 10-ാം നമ്പർ ആക്റ്റ്)**

(2010 സെപ്റ്റംബർ 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE ORPHANAGES AND OTHER CHARITABLE HOMES (SUPERVISION AND CONTROL) ACT, 1960

**(Act No. 10 of 1960)**

**(As on 1st September, 2010)**

വില : 37 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
2011

## ആമുഖം

2010 സെപ്റ്റംബർ മാസം 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള അനാഥാലയങ്ങളും മറ്റ് ധർമ്മാലയങ്ങളും (മേൽനോട്ടവും നിയന്ത്രണവും) ആക്റ്റ്, 1960 (1960-ലെ 10-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2010 ഒക്ടോബർ 13-ാം തീയതിയിലെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, I-ാം വകുപ്പ്, I-ാം വാല്യം, 9-ാം നമ്പരായി 2 മുതൽ 15 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

വി. കെ. ഭാസിൻ,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Orphanages and Other Charitable Homes (Supervision and Control) Act, 1960 (Act No.10 of 1960) as on 1st September, 2010 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. I, No. 9, dated 13th October, 2010 on pages 2 to 15.

This authorised translation was published under the authority of the President of India under clause (a) section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

V. K. BHASIN,
*Secretary to the Government of India.*

## അനാഥാലയങ്ങളും മറ്റ് ധർമ്മാലയങ്ങളും (മേൽനോട്ടവും നിയന്ത്രണവും) ആക്റ്റ്, 1960

(1960-ലെ 10-ാം നമ്പർ ആക്റ്റ്)

### ഉള്ളടക്കം

#### അദ്ധ്യായം I

#### പ്രാരംഭികം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | ചില സ്ഥാപനങ്ങൾക്ക് ആക്റ്റ് ബാധകമല്ലെന്ന് | 2 |
| 4. | അംഗീകൃത ആലയങ്ങളെ അനുശാസിക്കുന്ന പ്രമാണങ്ങളിൻമേൽ ആക്റ്റിനുള്ള പ്രഭാവം | 2 |


#### അദ്ധ്യായം II

#### നിയന്ത്രണബോർഡും അതിന്റെ അധികാരങ്ങളും ചുമതലകളും


| | | |
|---|---|---|
| 5. | നിയന്ത്രണ ബോർഡ്, അതിന്റെ ഘടന മുതലായവ | 2 |
| 6. | ഉദ്യോഗകാലാവധിയും താൽക്കാലിക ഒഴിവുകളും | 3 |
| 7. | ബോർഡിന്റെ ചുമതലകൾ | 4 |
| 8. | ഒരു അംഗീകൃത ആലയത്തിന്റെ മാനേജർക്ക് നിർദ്ദേശങ്ങൾ നൽകാൻ ബോർഡിനുള്ള അധികാരം | 4 |
| 9. | പരിശോധനയ്ക്കുള്ള അധികാരം | 4 |
| 10. | ബോർഡിന്റെ ഫണ്ട് | 5 |
| 11. | ബോർഡിന്റെ സ്റ്റാഫ് | 5 |
| 12. | അധികാരങ്ങളുടെ ഏൽപ്പിക്കൽ | 5 |


#### അദ്ധ്യായം III

#### ആലയങ്ങളുടെ അംഗീകാരം


| | | |
|---|---|---|
| 13. | സർട്ടിഫിക്കറ്റില്ലാതെ ആലയങ്ങൾ നടത്താൻ പാടുള്ളതല്ലെന്ന് | 6 |
| 14. | സർട്ടിഫിക്കറ്റിനുള്ള അപേക്ഷ | 6 |
| 15. | സർട്ടിഫിക്കറ്റ് നൽകുകയോ നിരസിക്കുകയോ ചെയ്യുന്നത് | 6 |
| 16. | സർട്ടിഫിക്കറ്റിലെ ഉള്ളടക്കം | 6 |
| 17. | സർട്ടിഫിക്കറ്റ് റദ്ദാക്കൽ | 7 |
| 18. | അപ്പീലുകൾ | 8 |
| 19. | സർട്ടിഫിക്കറ്റ് വിട്ടൊഴിയലും അതിന്റെ ഫലവും | 9 |

## അദ്ധ്യായം IV

## അംഗീകൃത ആലയങ്ങളുടെ നടത്തിപ്പ്


20. മാനേജിംഗ് കമ്മിറ്റി 9
21. മാനേജരുടെ കർത്തവ്യം 9
22. ആലയത്തിലെ അന്തേവാസികളെ വിട്ടയയ്ക്കുന്നത് 10
23. അന്തേവാസികളുടെ മരണം സംബന്ധിച്ച റിപ്പോർട്ടുകൾ 10


## അദ്ധ്യായം V

## പലവക


24. ശിക്ഷകൾ 10
25. പ്രോസിക്യൂഷനുകൾക്കുള്ള അനുമതി 11
26. ആക്റ്റിൻകീഴിൽ ചുമതലകൾ നിർവ്വഹിക്കുന്ന ആളുകൾ പബ്ലിക് സർവ്വന്റുമാരായിരിക്കുമെന്ന് 11
27. ഉത്തമവിശ്വാസപൂർവ്വം ചെയ്ത കൃത്യങ്ങൾക്ക് സംരക്ഷണം 11
28. ആലയങ്ങളെ ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം 11
29. ചട്ടങ്ങളുണ്ടാക്കുവാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം 12
30. റെഗുലേഷനുകൾ ഉണ്ടാക്കുവാൻ ബോർഡിനുള്ള അധികാരം 13
31. റദ്ദാക്കലുകളും ഒഴിവാക്കലുകളും 14

# അനാഥാലയങ്ങളും മറ്റ് ധർമ്മാലയങ്ങളും (മേൽനോട്ടവും നിയന്ത്രണവും) ആക്റ്റ്, 1960

(1960-ലെ 10-ാം നമ്പർ ആക്റ്റ്)

[1960 ഏപ്രിൽ, 9]

അനാഥാലയങ്ങളുടെയും ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കോ കുട്ടികൾക്കോ വേണ്ടിയുള്ള ആലയങ്ങളുടെയും അതുപോലുള്ള മററു സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിനും നിയന്ത്രണത്തിനും അവയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ പതിനൊന്നാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I
## പ്രാരംഭികം

*ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.*

1. (1) ഈ ആക്റ്റിന് അനാഥാലയങ്ങളും മറ്റ് ധർമ്മാലയങ്ങളും (മേൽനോട്ടവും നിയന്ത്രണവും) ആക്റ്റ്, 1960 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഭാരതം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് സംസ്ഥാന സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന തീയതി*, പ്രാബല്യത്തിൽ വരുന്നതാണ്.

*നിർവ്വചനങ്ങൾ.*

2. ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "ബോർഡ്" എന്നാൽ 5-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട നിയന്ത്രണ ബോർഡ് എന്നർത്ഥമാകുന്നു;

(ഖ) "സർട്ടിഫിക്കറ്റ്" എന്നാൽ 15-ാം വകുപ്പിൻകീഴിൽ നൽകപ്പെട്ട അംഗീകാരത്തിന്റെ സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു;

(ഗ) "കുട്ടി" എന്നാൽ പതിനെട്ട് വയസ്സ് പൂർത്തിയാകാത്ത ആൺകുട്ടിയോ പെൺകുട്ടിയോ എന്നർത്ഥമാകുന്നു;

(ഘ) "ആലയം" എന്നാൽ സ്ത്രീകളെയോ കുട്ടികളെയോ സ്വീകരിക്കുകയും പരിരക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനും അവരുടെ ക്ഷേമത്തിനും വേണ്ടി നടത്തുന്നതോ നടത്താനുദ്ദേശിക്കുന്നതോ ആയ ഒരു അനാഥാലയമെന്നോ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകളുടെയോ കുട്ടികളുടെയോ ഭവനമെന്നോ വിധവകളുടെ ഭവനമെന്നോ മറ്റേതെങ്കിലും പേരിലോ അറിയപ്പെടുന്ന ഒരു സ്ഥാപനമെന്നർത്ഥമാകുന്നു;

---

*1962 ജൂലായ് 3-ാം തീയതിയിലെ 27-ാം നമ്പർ കേരള ഗസറ്റ് I-ാം ഭാഗത്ത് പ്രസിദ്ധപ്പെടുത്തിയ 1962 ജൂൺ 21-ാം തീയതിയിലെ 46658/ബി4/61/ആഭ്യന്തരം എന്ന നമ്പർ വിജ്ഞാപനപ്രകാരം ഈ ആക്റ്റ് 1-7-1962 മുതൽ കേരള സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നു

GCPT 3/2024/2011/TP.

(ങ) "മാനേജർ" എന്നാൽ 20-ാം വകുപ്പിൻകീഴിൽ ആ നിലയിൽ നിയമിക്കപ്പെട്ട മാനേജിംഗ് കമ്മിറ്റിയിലെ ഒരംഗം എന്നർത്ഥമാകുന്നു;

(ച) "മാനേജിംഗ് കമ്മിറ്റി" എന്നാൽ 20-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള മാനേജിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഛ) "അംഗീകൃത ആലയം" എന്നാൽ ഒരു സർട്ടിഫിക്കറ്റ് നൽകപ്പെട്ട ആലയം എന്നർത്ഥമാകുന്നു;

(ജ) "നിർണ്ണയിക്കപ്പെടാവുന്ന" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന എന്നർത്ഥമാകുന്നു;

(ഝ) "സ്ത്രീ" എന്നാൽ പതിനെട്ട് വയസ്സ് പൂർത്തിയാക്കിയ ഒരു സ്ത്രീ എന്നർത്ഥമാകുന്നു.

*ചില സ്ഥാപനങ്ങൾക്ക് ആക്റ്റ് ബാധകമല്ലെന്ന്.*

3. ഈ ആക്റ്റിലെ യാതൊന്നും—

(ക) ഒരു വിദ്യാഭ്യാസ സ്ഥാപനത്തോട് ബന്ധപ്പെട്ടതോ അല്ലെങ്കിൽ അതിന്റെ നിയന്ത്രണത്തിലുള്ളതോ അല്ലെങ്കിൽ അതിന്റെ അംഗീകാരമുള്ളതോ ആയ ഏതെങ്കിലും ഹോസ്റ്റലിനോ ബോർഡിംഗ് ഹൗസിനോ; അല്ലെങ്കിൽ

(ഖ) സ്ത്രീകളിലും പെൺകുട്ടികളിലും ഉള്ള വ്യഭിചാരവ്യാപാരം തടയൽ ആക്റ്റ്, 1956 (1956-ലെ 104)-ന്റെ കീഴിൽ സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും സംരക്ഷണാലയത്തിനോ; അല്ലെങ്കിൽ

(ഗ) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്താൽ അനുശാസിതമായ ഏതെങ്കിലും ദുർഗുണപരിഹാര പാഠശാലയ്ക്കോ സർട്ടിഫൈ ചെയ്യപ്പെട്ട സ്കൂളിനോ മറ്റ് സ്കൂളിനോ ഏതെങ്കിലും ആലയത്തിനോ അല്ലെങ്കിൽ പണിപ്പുരയ്ക്കോ,

ബാധകമാകുന്നതല്ല.

*അംഗീകൃത ആലയങ്ങളെ അനുശാസിക്കുന്ന പ്രമാണങ്ങളിൻമേൽ ആക്റ്റിനുള്ള പ്രഭാവം.*

4. ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് ഒരു അംഗീകൃത ആലയത്തെ അനുശാസിക്കുന്ന ഏതെങ്കിലും പ്രമാണങ്ങളിൽ അവയ്ക്ക് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം II

## നിയന്ത്രണബോർഡും അതിന്റെ അധികാരങ്ങളും ചുമതലകളും

*നിയന്ത്രണ ബോർഡ്, അതിന്റെ ഘടന മുതലായവ.*

5. (1) സംസ്ഥാനത്തെ ആലയങ്ങളുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുംവേണ്ടി സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഒരു നിയന്ത്രണബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(ക) സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിലെ അംഗങ്ങൾ തിരഞ്ഞെടുക്കുന്ന അതിന്റെ മൂന്ന് അംഗങ്ങൾ; എന്നാൽ സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന് രണ്ട് സഭകളുള്ളിടത്ത്, രണ്ട് അംഗങ്ങളെ നിയമസഭാംഗങ്ങൾ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കേണ്ടതും ഒരംഗത്തെ നിയമസമിതിയിലെ അംഗങ്ങൾ അവർക്കിടയിൽ നിന്നും തിരഞ്ഞെടുക്കേണ്ടതുമാണ്;

(ഖ) സംസ്ഥാനത്തെ മാനേജിംഗ് കമ്മിറ്റികളിലെ അംഗങ്ങൾക്കിടയിൽ നിന്നും അങ്ങനെയുള്ള കമ്മിറ്റിതന്നെ തിരഞ്ഞെടുക്കുന്ന അഞ്ച് അംഗങ്ങൾ; ഈ ആവശ്യത്തിലേക്ക് അങ്ങനെയുള്ള ഓരോ കമ്മിറ്റിക്കും ഓരോ വോട്ട് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ;

(ഗ) സംസ്ഥാന സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിന്റെ ചാർജ്ജുള്ള ഒരു ഉദ്യോഗസ്ഥൻ;

(ഘ) സംസ്ഥാന സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടേണ്ട ആറ് അംഗങ്ങൾ; അവരിൽ സംസ്ഥാനത്തുനിന്നുള്ള പാർലമെന്റംഗം ഒന്നിൽ കവിയാതെയും സ്ത്രീകൾ മൂന്നിൽ കുറയാതെയുമായിരിക്കേണ്ടതാണ്.

(3) ഏതെങ്കിലും കാരണത്താൽ (2)-ാം ഉപവകുപ്പിലെ (ഗ) ഖണ്ഡത്തിൽ പരാമർശിച്ച ഉദ്യോഗസ്ഥന് ബോർഡിന്റെ ഏതെങ്കിലും യോഗത്തിൽ ഹാജരാകാൻ കഴിയാതെ വന്നാൽ അയാൾക്ക് തന്റെ കീഴ്ജീവനക്കാരനായ ഏതെങ്കിലും ഉദ്യോഗസ്ഥനെ അങ്ങനെയുള്ള യോഗത്തിൽ സംബന്ധിക്കുന്നതിനുവേണ്ടി നിയോഗിക്കാവുന്നതാണ്.

(4) ബോർഡിന്റെ ചെയർമാനെ ബോർഡിലെ അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്ന് തിരഞ്ഞെടുക്കേണ്ടതാണ്:

എന്നാൽ, ആദ്യമായി ബോർഡ് രൂപീകരിക്കുമ്പോൾ അതിന്റെ ചെയർമാനായി ബോർഡിലെ അംഗങ്ങളിലൊരാളെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

*ഉദ്യോഗ കാലാവധിയും താൽക്കാലിക ഒഴിവുകളും.*

6. (1) ഈ വകുപ്പിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്യാത്തപക്ഷം, ബോർഡിലെ ഒരംഗത്തിന്റെ ഉദ്യോഗകാലാവധി, അയാളെ തിരഞ്ഞെടുക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്ത തീയതി മുതൽ അഞ്ചുകൊല്ലത്തേക്കോ അല്ലെങ്കിൽ അയാളുടെ പിൻഗാമിയെ യഥാവിധി തിരഞ്ഞെടുക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്നതുവരെയോ, ഇവയിലേതാണോ കൂടുതൽ, അതുവരെ ആയിരിക്കുന്നതാണ്:

എന്നാൽ, 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിന്റെയോ (ഖ) ഖണ്ഡത്തിന്റെയോ കീഴിൽ തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിന്റെയോ അല്ലെങ്കിൽ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻകീഴിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു പാർലമെന്റംഗത്തിന്റെയോ ഉദ്യോഗ കാലാവധി, അതതു സംഗതിപോലെ, അയാളെ തിരഞ്ഞെടുത്ത സംസ്ഥാന

നിയമനിർമ്മാണ മണ്ഡലത്തിലോ മാനേജിംഗ് കമ്മിറ്റിയിലോ, പാർലമെന്റിലോ അയാൾ അംഗമല്ലാതാകുമ്പോൾ അവസാനിക്കുന്നതാണ്.

(2) സംസ്ഥാന സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിയശേഷം ഒരംഗത്തിന് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും അങ്ങനെയുള്ള രാജി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിൻമേൽ അങ്ങനെയുള്ള അംഗത്തിന്റെ സ്ഥാനം ഒഴിവുള്ളതായി തീരുന്നതുമാണ്.

(3) ബോർഡിലെ ഒരു താൽക്കാലിക ഒഴിവ്, അതതു സംഗതി പോലെ, ഒരു പുതിയ തിരഞ്ഞെടുപ്പോ നാമനിർദ്ദേശമോ വഴി നികത്തേണ്ടതും, അങ്ങനെയുള്ള ഒഴിവിലേക്ക് തിരഞ്ഞെടുക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്ത അംഗത്തിന്റെ ഉദ്യോഗ കാലാവധി ആരുടെ സ്ഥാനത്തേക്കാണോ അയാൾ തിരഞ്ഞെടുക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്തത്, അങ്ങനെയുള്ള അംഗത്തിന്റെ കാലാവധിയുടെ ശേഷിക്കുന്ന ഭാഗം ആയിരിക്കുന്നതുമാണ്.

(4) ബോർഡിലെ അംഗങ്ങൾക്ക് വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നതിനും വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനുമുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്.

(5) ബോർഡിലുള്ള ഏതെങ്കിലും ഒഴിവോ ബോർഡിന്റെ ഘടനയിലെ ഏതെങ്കിലും അപാകതയോ കാരണത്താൽ മാത്രം ബോർഡ് ചെയ്ത എന്തെങ്കിലും കൃത്യമോ എടുത്ത നടപടിയോ ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

*ബോർഡിന്റെ ചുമതലകൾ.*

7. (1) ഈ ആക്റ്റിലെ വ്യവസ്ഥകളനുസരിച്ച് ആലയങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് എല്ലാ കാര്യങ്ങളുടെയും സാമാന്യമായ മേൽനോട്ടവും നിയന്ത്രണവും നടത്തുന്നത് ബോർഡിന്റെ ചുമതലയായിരിക്കുന്നതും ബോർഡ്, ഈ ആക്റ്റിനാലോ ആക്റ്റിൻകീഴിലോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ പ്രയോഗിക്കുകയും അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവഹിക്കുകയും ചെയ്യേണ്ടതുമാണ്.

(2) ഈ ആക്റ്റിൻകീഴിൽ ബോർഡ് അതിന്റെ ചുമതലകൾ നിർവ്വഹിക്കുമ്പോൾ സംസ്ഥാന സർക്കാർ അതിന് നൽകാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങളാൽ ബോർഡ് ബദ്ധമായിരിക്കുന്നതാണ്.

*ഒരു അംഗീകൃത ആലയത്തിന്റെ മാനേജർക്ക് നിർദ്ദേശങ്ങൾ നൽകാൻ ബോർഡിനുള്ള അധികാരം.*

8. 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ നൽകിയ ഏതെങ്കിലും നിർദ്ദേശങ്ങൾക്ക് വിധേയമായി ആലയത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിനാവശ്യമെന്ന് ബോർഡ് കരുതുന്ന അങ്ങനെയുള്ള സാമാന്യമോ പ്രത്യേകമോ ആയ നിർദ്ദേശങ്ങൾ അതിന് ഒരംഗീകൃത ആലയത്തിന്റെ മാനേജർക്ക് അതതുസമയം നൽകാവുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ മാനേജർ അനുസരിക്കേണ്ടതുമാണ്.

*പരിശോധനയ്ക്കുള്ള അധികാരം.*

9. ബോർഡിലെ ഏതെങ്കിലും അംഗത്തിനോ, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവിനാൽ ഇതിലേക്ക് ലിഖിതമായി അധികാരപ്പെടുത്തിയ ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഈ ആക്റ്റിലെയോ

അതിൻകീഴിലുള്ള ഏതെങ്കിലും ചട്ടങ്ങളിലെയോ റെഗുലേഷനുകളിലെയോ നിർദ്ദേശങ്ങളിലെയോ ഉത്തരവുകളിലെയോ വ്യവസ്ഥകൾ അനുസരിക്കുന്നുണ്ടോയെന്ന് തിട്ടപ്പെടുത്തുന്ന ആവശ്യത്തിലേക്ക്, ന്യായമായ എല്ലാ സമയത്തും ഏത് ആലയത്തിലും പ്രവേശിക്കാവുന്നതും, അയാളുടെ പരിശോധനയ്ക്ക് അവിടെ സൂക്ഷിച്ചിട്ടുള്ള ഏതെങ്കിലും പ്രമാണമോ പുസ്തകമോ രജിസ്റ്ററോ അല്ലെങ്കിൽ റിക്കാർഡോ ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതും, ആലയത്തിന്റെ പ്രവർത്തനത്തെ സംബന്ധിക്കുന്ന ഏതൊരു വിവരവും ആവശ്യപ്പെടാവുന്നതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും അംഗമോ ഉദ്യോഗസ്ഥനോ സ്ത്രീകൾ ഉള്ള ഏതെങ്കിലും ആലയത്തിലോ അതിന്റെ ഭാഗത്തോ സ്ഥലത്തെ മാന്യരായ രണ്ടു സ്ത്രീകളുടെ സാന്നിദ്ധ്യത്തിലല്ലാതെ പ്രവേശിക്കാൻ പാടുള്ളതല്ല.

*ബോർഡിന്റെ ഫണ്ട്.*

10. ബോർഡിന്റെ ഫണ്ടിൽ—

(ക) അതിലേക്ക് ഏതൊരാളും നൽകിയ അംശദായങ്ങളോ, വരിസംഖ്യകളോ സംഭാവനകളോ മരണസ്വത്തോ; കൂടാതെ

(ഖ) അതിലേക്ക് സംസ്ഥാന സർക്കാരോ ഏതെങ്കിലും നികായമോ മറ്റു പൊതുതദ്ദേശനികായമോ നൽകിയ ഗ്രാന്റുകളും,

അടങ്ങുന്നതാണ്.

*ബോർഡിന്റെ സ്റ്റാഫ്.*

11. ഇതിലേക്ക് സംസ്ഥാന സർക്കാർ ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഈ ആക്റ്റിൻകീഴിലുള്ള ബോർഡിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനോ അധികാരങ്ങൾ പ്രയോഗിക്കുന്നതിനോ അതിനെ പ്രാപ്തമാക്കുവാനുള്ള ഉദ്ദേശ്യത്തിന് അതിനുചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരെയോ മറ്റ് ജീവനക്കാരെയോ ബോർഡിന് നിയമിക്കാവുന്നതും അവരുടെ ചുമതലകളും സേവന വ്യവസ്ഥകളും നിശ്ചയിക്കാവുന്നതുമാണ്.

*അധികാരങ്ങളുടെ ഏൽപ്പിക്കൽ.*

12. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിന് വിധേയമായി ബോർഡിന്, അതിന്റെ ഭരണം കാര്യക്ഷമമായി നിർവഹിക്കുന്നതിന് ആവശ്യമെന്നു തോന്നുന്ന ആക്റ്റിൻകീഴിലുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും സാമാന്യമോ പ്രത്യേകമോ ആയ ലിഖിതമായ പ്രത്യേക ഉത്തരവുവഴി അതിൽ നിർദ്ദേശിക്കാവുന്ന ഉപാധികളും പരിമിതികളും ഏതെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് വിധേയമായി ചെയർമാനോ മറ്റേതെങ്കിലും അംഗത്തിനോ അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ നൽകാവുന്നതാണ്.

## അദ്ധ്യായം III

## ആലയങ്ങളുടെ അംഗീകാരം

*സർട്ടിഫിക്കറ്റില്ലാതെ ആലയങ്ങൾ നടത്താൻ പാടുള്ളതല്ലെന്ന്.*

13. ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം യാതൊരാളും ഈ ആക്റ്റിൻകീഴിൽ നൽകപ്പെട്ട അംഗീകാര സർട്ടിഫിക്കറ്റിലെ വ്യവസ്ഥകളിൻ കീഴിലും അവയ്ക്കനുസരണമായുമല്ലാതെ ഏതെങ്കിലും ആലയം നില നിറുത്താനോ നടത്താനോ പാടുള്ളതല്ല.

*സർട്ടിഫിക്കറ്റിനുള്ള അപേക്ഷ.*

14. ഒരാലയം നിലനിർത്തുവാനോ നടത്തുവാനോ ആഗ്രഹിക്കുന്ന ഓരോ ആളും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും അങ്ങനെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു അപേക്ഷ അംഗീകാര സർട്ടിഫിക്കറ്റിനുവേണ്ടി ബോർഡിന് നൽകേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ ഒരാലയം നിലനിറുത്തുകയോ നടത്തുകയോ ചെയ്യുന്ന ഒരാൾക്ക് അംഗീകാര സർട്ടിഫിക്കറ്റിനുള്ള അപേക്ഷ നൽകുന്നതിന് അങ്ങനെയുള്ള പ്രാരംഭം മുതൽ മൂന്ന് മാസത്തെ കാലാവധി അനുവദിക്കുന്നതാണ്.

*സർട്ടിഫിക്കറ്റ് നൽകുകയോ നിരസിക്കുകയോ ചെയ്യുന്നത്.*

15. (1) 14-ാം വകുപ്പിൻകീഴിലുള്ള ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ ബോർഡ് ആവശ്യമെന്ന് അതു കരുതുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയശേഷം ലിഖിതമായ ഉത്തരവിനാൽ ഒരു സർട്ടിഫിക്കറ്റ് നൽകുകയോ നൽകാതിരിക്കുകയോ ചെയ്യാവുന്നതാണ്.

(2) അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകാതെ ഒരു സർട്ടിഫിക്കറ്റ് നിരസിച്ചുകൊണ്ടുള്ള യാതൊരുത്തരവും പുറപ്പെടുവിക്കാൻ പാടില്ലാത്തതും, സർട്ടിഫിക്കറ്റ് നിരസിക്കുന്നിടത്ത്, നിരസിക്കുവാനുള്ള കാരണങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

(3) ഒരു സർട്ടിഫിക്കറ്റ് നൽകുന്നതിന് യാതൊരു ഫീസും ചുമത്താവുന്നതല്ല.

(4) ഒരു സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യപ്പെടാവുന്നതല്ല.

*സർട്ടിഫിക്കറ്റിലെ ഉള്ളടക്കം.*

16. (1) സർട്ടിഫിക്കറ്റിൽ—

(ക) അംഗീകൃത ആലയത്തിന്റെ പേരും സ്ഥാനവും;

(ഖ) അതിന്റെ മാനേജരുടെ പേരും;

(ഗ) ആലയത്തിന്റെ സ്വഭാവവും അതായത് പൊതുവെ സ്ത്രീകൾക്കുള്ളതോ വിധവകൾക്കുള്ളതോ അല്ലെങ്കിൽ പൊതുവെ കുട്ടികൾക്കുള്ളതോ അനാഥർക്കുള്ളതോ അല്ലെങ്കിൽ ഇവയിൽ ഒന്നോ അതിലധികമോ വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ളതോ എന്ന്;

(ഘ) ആലയത്തിലെടുക്കാവുന്ന അന്തേവാസികളുടെ എണ്ണവും;

(ങ) അംഗീകൃതാലയം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെയും അതിന്റെ വിഭവങ്ങളുടെയും അവസ്ഥ പരിഗണിച്ച് ആലയത്തിൽ അനുവർത്തിക്കേണ്ട ഭക്ഷണത്തിന്റെയും, താമസത്തിന്റെയും, വസ്ത്രത്തിന്റെയും, ശുചീകരണത്തിന്റെയും, ആരോഗ്യത്തിന്റെയും, ശുചിത്വത്തിന്റെയും ഏറ്റവും കുറഞ്ഞ നിലവാരവും;

(ച) ആലയത്തിലെ അന്തേവാസികളുടെ വിദ്യാഭ്യാസവും പരിശീലനവും ഏറ്റെടുക്കുന്ന സംഗതിയിൽ അതിലെ അന്തേവാസികൾക്ക് നൽകുന്ന വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും നിലവാരവും;

(ഛ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റുപാധികളും വിവരങ്ങളും,

നിർദ്ദേശിക്കേണ്ടതാണ്:

എന്നാൽ, സ്ത്രീകൾക്കുള്ള ഒരാലയത്തിന് നൽകിയ സർട്ടിഫിക്കറ്റിൽ, അതിന്റെ ചാർജ്ജുള്ള ആൾ, സൂപ്രണ്ടെന്നോ മറ്റേതെങ്കിലും പേരിലോ അറിയപ്പെട്ടാലും, സാധാരണഗതിയിൽ ഒരു സ്ത്രീ ആയിരിക്കേണ്ടതാണെന്ന ഒരു ഉപാധി ഉൾപ്പെടുത്തിയിട്ടുള്ളതായി കരുതപ്പെടേണ്ടതാണ്.

(2) ബോർഡ് സാധാരണഗതിയിൽ ഒരു അംഗീകൃതാലയത്തിൽ അന്തേവാസികളായി ലിംഗഭേദം നോക്കാതെ ആളുകളെ പ്രവേശിപ്പിക്കുന്നതിന് അനുവാദം നൽകാൻ പാടില്ലാത്തതും എന്നാൽ ലിഖിതമായി രേഖപ്പെടുത്താവുന്ന കാരണങ്ങളാലും പൊതു താത്പര്യത്തിൽ അതിന് തോന്നുന്ന ഉപാധികൾക്കും പരിമിതികൾക്കും വിധേയമായും അങ്ങനെ ചെയ്യാവുന്നതുമാണ്.

(3) ബോർഡിന്റെ മുൻകൂട്ടിയുള്ള ലിഖിതമായ അനുവാദമില്ലാതെ യാതൊരു അംഗീകൃത ആലയവും—

(ക) അതിനെ സംബന്ധിച്ച സർട്ടിഫിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള അതിന്റെ പേരോ അല്ലെങ്കിൽ സ്ഥാനമോ മാറ്റാനോ;

(ഖ) അതിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സേവനത്തിന്റെ ഉദ്ദേശ്യം വ്യത്യാസപ്പെടുത്താനോ പാടുള്ളതല്ല.

17. (1) സർട്ടിഫിക്കറ്റ് നൽകപ്പെട്ട ഒരാൾ ഈ ആക്റ്റിൻകീഴിൽ ബാദ്ധ്യസ്ഥനായേക്കാവുന്ന മറ്റേതെങ്കിലും ശിക്ഷയ്ക്കു ഭംഗംകൂടാതെ, ബോർഡിന്,— *സർട്ടിഫിക്കറ്റ് റദ്ദാക്കൽ.*

(ക) ആലയം നടത്തുന്നത് സർട്ടിഫിക്കറ്റിലെ വ്യവസ്ഥകൾക്കനുസൃതമായല്ലെന്ന് അതിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ; അഥവാ

(ഖ) ആലയത്തിന്റെ ഭരണം തുടർച്ചയായി തൃപ്തികരമല്ലാത്ത രീതിയിൽ നടത്തുകയോ അന്തേവാസികളുടെ സാൻമാർഗ്ഗികവും ആരോഗ്യപരവുമായ കാര്യങ്ങൾക്ക് ദോഷകരമായ രീതിയിൽ നടത്തുകയോ ആണെങ്കിൽ; അഥവാ

(ഗ) ബോർഡിന്റെ അഭിപ്രായത്തിൽ ആ ഉദ്ദേശ്യത്തിന് ആലയം മറ്റുവിധത്തിൽ സ്വയം അനുയോജ്യമല്ലാതായി തീർന്നെങ്കിൽ;

സർട്ടിഫിക്കറ്റ് റദ്ദാക്കാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിൻകീഴിലുള്ള യാതൊരു റദ്ദാക്കൽ ഉത്തരവും, സർട്ടിഫിക്കറ്റ് റദ്ദാക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കുവാൻ അയാൾക്ക് ഒരു അവസരം നൽകാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ലാത്തതും;

ഓരോ റദ്ദാക്കലിന്റെയും സംഗതിയിൽ അതിനുള്ള കാരണങ്ങൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ അയാളെ അറിയിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരാലയത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് റദ്ദാക്കുന്നിടത്ത് അങ്ങനെയുള്ള ആലയം—

(ക) 18-ാം വകുപ്പിൻകീഴിൽ റദ്ദാക്കലിനെതിരായി അപ്പീൽ കൊടുത്തിട്ടില്ലെങ്കിൽ അങ്ങനെയുള്ള അപ്പീലിനുള്ള കാലാവധി അവസാനിച്ചയുടനെയും;

(ഖ) അങ്ങനെയുള്ള അപ്പീൽ കൊടുക്കുകയും റദ്ദാക്കൽ ഉത്തരവ് ശരിവയ്ക്കുകയും ചെയ്യുന്നിടത്ത് അപ്പീൽ ഉത്തരവിന്റെ തീയതി മുതലും,

പ്രവർത്തനരഹിതമായിത്തീരുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും ആലയം പ്രവർത്തനരഹിതമാകുന്നതിൻമേൽ അങ്ങനെയുള്ള ആലയത്തിലെ അന്തേവാസിയായ ഏതെങ്കിലും സ്ത്രീയെയോ അല്ലെങ്കിൽ കുട്ടിയെയോ—

(ക) അതതു സംഗതിപോലെ, അവളുടെയോ അവന്റെയോ മാതാപിതാക്കളെയോ ഭർത്താവിനെയോ നിയമാനുസൃത രക്ഷാകർത്താവിനെയോ തിരികെ ഏല്പിക്കുകയോ;

(ഖ) മറ്റൊരു അംഗീകൃതാലയത്തിലേക്ക് മാറ്റുകയോ;

(ഗ) മറ്റേതെങ്കിലും അനുയോജ്യനായ ആളുടെ സംരക്ഷണത്തിൽ ഭരമേല്പിക്കുകയോ ചെയ്യേണ്ടതാണ്:

എന്നാൽ യാതൊരു സ്ത്രീയുടെയും സംരക്ഷണം ഒരു സ്ത്രീയെ അല്ലാതെ മറ്റൊരാളെ ഭരമേല്പിക്കാൻ പാടുള്ളതല്ല.

*അപ്പീലുകൾ.*

18. ഒരു സർട്ടിഫിക്കറ്റ് നിരസിക്കുകയോ റദ്ദാക്കുകയോ ചെയ്തുകൊണ്ടുള്ള ബോർഡിന്റെ ഒരുത്തരവിൻമേൽ സങ്കടക്കാരനായ ഏതൊരാൾക്കും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അങ്ങനെയുള്ള കാലാവധിക്കുള്ളിലും സംസ്ഥാന സർക്കാരിന്റെയോ അത് നിർദ്ദേശിക്കാവുന്ന അധികാരസ്ഥാനത്തിന്റെയോ മുൻപാകെ അങ്ങനെയുള്ള നിരസിക്കലിനോ റദ്ദാക്കലിനോ എതിരായി അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ, അപേക്ഷകൻ സമയത്തിനുള്ളിൽ അപ്പീൽ ബോധിപ്പിക്കുന്നതിൽ മതിയായ കാരണത്താൽ തടയപ്പെട്ടുവെന്ന് സംസ്ഥാന സർക്കാരിനോ അപ്രകാരം നിർദ്ദേശിക്കപ്പെട്ട അധികാരസ്ഥാനത്തിനോ ബോദ്ധ്യപ്പെടുന്നപക്ഷം, അതിന് അപ്രകാരം നിർണ്ണയിക്കപ്പെട്ട കാലാവധി അവസാനിച്ചശേഷവും ഒരു അപ്പീൽ സ്വീകരിക്കാവുന്നതാണ്.

*സർട്ടിഫിക്കറ്റ് വിട്ടൊഴിയലും അതിന്റെ ഫലവും.*

19. (1) ഒരു ആലയത്തിന്റെ മാനേജർക്ക്, മാനേജിംഗ് കമ്മിറ്റി പ്രമേയം വഴി ഇതിലേക്ക് പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ളപക്ഷം; വിട്ടൊഴിയുവാനുള്ള തന്റെ ഉദ്ദേശ്യത്തിന്റെ ആറുമാസത്തെ നോട്ടീസ് ലിഖിതമായി ബോർഡിന് നൽകുന്നതിനുമേൽ ആ ആലയം സംബന്ധിച്ച് നൽകപ്പെട്ട സർട്ടിഫിക്കറ്റ് പിൻവലിക്കുന്നതിനുള്ള അപേക്ഷ നൽകാവുന്നതും നോട്ടീസിന്റെ തീയതി മുതൽ പ്രസ്തുത കാലാവധി അവസാനിക്കുന്നതിനുമേൽ, നോട്ടീസ് ആ സമയത്തിനുമുൻപ് പിൻവലിച്ചിട്ടില്ലെങ്കിൽ, സർട്ടിഫിക്കറ്റിന് പ്രഭാവമില്ലാതായിത്തീരുന്നതും ആലയം പ്രവർത്തനരഹിതമായിത്തീരുന്നതുമാണ്.

(2) അങ്ങനെയുള്ള ഏതൊരാലയത്തിലും അങ്ങനെയുള്ള നോട്ടീസിന്റെ തീയതിക്കുശേഷം യാതൊരു സ്ത്രീയെയും കുട്ടിയെയും സ്വീകരിക്കാൻ പാടില്ലാത്തതും; എന്നാൽ, ഈ വകുപ്പിലുള്ള യാതൊന്നും, (1)-ാം ഉപവകുപ്പിൻകീഴിൽ സർട്ടിഫിക്കറ്റിന് പ്രഭാവമില്ലാതായിത്തീരുന്നതുവരെ ഈ ആക്റ്റിലോ അതിൻകീഴിലുള്ള ചട്ടങ്ങളിലോ റെഗുലേഷനുകളിലോ നിർദ്ദേശങ്ങളിലോ ഉത്തരവുകളിലോ ഉള്ളതെല്ലാം അനുസരിക്കുവാനുള്ള മാനേജരുടെ ബാദ്ധ്യതയെ, ബാധിക്കുന്നതായി കരുതാൻ പാടില്ലാത്തതുമാകുന്നു.

## അദ്ധ്യായം IV

## അംഗീകൃത ആലയങ്ങളുടെ നടത്തിപ്പ്

*മാനേജിംഗ് കമ്മിറ്റി.*

20. (1) ഓരോ അംഗീകൃത ആലയത്തിന്റെയും നടത്തിപ്പിന്റെ ചാർജ്ജുള്ള ഒരു മാനേജിംഗ് കമ്മിറ്റിയുണ്ടായിരിക്കുന്നതും മാനേജിംഗ് കമ്മിറ്റിയുടെ അംഗങ്ങൾ അവരിൽ ഒരാളെ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് അങ്ങനെയുള്ള ആലയത്തിന്റെ മാനേജരായി നിയമിക്കേണ്ടതുമാണ്.

(2) മാനേജിംഗ് കമ്മിറ്റിയുടെ ഘടനയും അധികാരങ്ങളും ചുമതലകളും അതിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും അങ്ങനെയുള്ള ആലയം സംബന്ധിച്ച ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമായിരിക്കുന്നതാണ്.

*മാനേജരുടെ കർത്തവ്യം.*

21. അംഗീകൃത ആലയത്തിൽ പ്രവേശിക്കപ്പെട്ട ഓരോ സ്ത്രീയെയോ കുട്ടിയെയോ സംബന്ധിച്ച് ആ സ്ത്രീയെ പുനരധിവസിപ്പിക്കുന്നതുവരെയോ അല്ലെങ്കിൽ കുട്ടിക്ക് പതിനെട്ട് വയസ്സ് തികയുന്നതുവരെയോ അല്ലെങ്കിൽ സർട്ടിഫിക്കറ്റിന് പ്രഭാവമില്ലാതായിത്തീരുന്നതുവരെയോ

ഈ ആക്റ്റിലോ അതിൻകീഴിലുള്ള ചട്ടങ്ങളിലോ റെഗുലേഷനുകളിലോ നിർദ്ദേശങ്ങളിലോ ഉത്തരവുകളിലോ ഉള്ളതെല്ലാം അനുസരിക്കേണ്ടത് മാനേജരുടെ കർത്തവ്യമായിരിക്കുന്നതാണ്.

*ആലയത്തിലെ അന്തേവാസികളെ വിട്ടയയ്ക്കുന്നത്.*

22. (1) ബോർഡ് ഉണ്ടാക്കാവുന്ന ഏതെങ്കിലും റെഗുലേഷനുകൾക്ക് വിധേയമായി ആലയത്തിലെ ഒരു അന്തേവാസിക്ക് അയാളുടെയോ അല്ലെങ്കിൽ അവളുടെയോ ജീവിതത്തിനാവശ്യമായത് സമ്പാദിക്കാൻ പ്രാപ്തിയുണ്ടെന്നോ അല്ലെങ്കിൽ ആലയത്തിൽ നിന്ന് മറ്റുവിധത്തിൽ വിട്ടയയ്ക്കപ്പെടുവാൻ യോഗ്യതയുണ്ടെന്നോ ഒരാലയത്തിന്റെ മാനേജിംഗ് കമ്മിറ്റിക്ക് ബോദ്ധ്യമാകുന്നപക്ഷം, അങ്ങനെയുള്ള അന്തേവാസിയെ മാനേജർക്ക് വിട്ടയയ്ക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്ത്രീ ആയിട്ടുള്ള ഒരു അന്തേവാസിയെ വിട്ടയയ്ക്കുകയോ, വിവാഹം കഴിച്ചു കൊടുക്കുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളുടെ സംരക്ഷണത്തിൽ ഭരമേൽപിക്കുകയോ ചെയ്യുന്നതിന് അങ്ങനെയുള്ള സ്ത്രീ ബോർഡിന്റെയോ അല്ലെങ്കിൽ ഇതിലേക്ക് നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥന്റെയോ മുൻപാകെ അവൾ അങ്ങനെയുള്ള വിട്ടയയ്ക്കലിനോ, വിവാഹത്തിനോ അല്ലെങ്കിൽ സംരക്ഷണത്തിലേൽപ്പിക്കലിനോ, അതതു സംഗതിപോലെ, സമ്മതമാണെന്നു പ്രഖ്യാപനം നടത്താത്തപക്ഷവും വിവാഹം കഴിച്ചുകൊടുക്കപ്പെടുന്ന അന്തേവാസി മൈനറാണെങ്കിൽ ബോർഡോ, അതതു സംഗതിപോലെ, ഉദ്യോഗസ്ഥനോ, കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തിയ ശേഷം അതിന്റെയോ അല്ലെങ്കിൽ അയാളുടെയോ സമ്മതം അതിന് നൽകുകയോ ചെയ്യാത്തപക്ഷവും യാതൊരു സ്ത്രീ അന്തേവാസിയെയും വിട്ടയയ്ക്കുകയോ, വിവാഹം കഴിച്ചുകൊടുക്കുകയോ മറ്റേതെങ്കിലും ആളുടെ സംരക്ഷണത്തിൽ ഭരമേല്പിച്ചുകൊടുക്കുകയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

*അന്തേവാസികളുടെ മരണം സംബന്ധിച്ച റിപ്പോർട്ടുകൾ.*

23. ആലയത്തിലെ അന്തേവാസികൾക്കിടയിലൊരു മരണമുണ്ടായാലുടനെ മാനേജർ, തന്റെ അറിവിന്റെ പരമാവധിക്കൊത്തവണ്ണം മരണകാരണം വിവരിച്ചുകൊണ്ട് അതിന്റെ ലിഖിതമായ ഒരു റിപ്പോർട്ട് ബോർഡിന് അയച്ചു കൊടുക്കേണ്ടതാണ്.

## അദ്ധ്യായം V

## പലവക

*ശിക്ഷകൾ.*

24. ഈ ആക്റ്റിലോ അല്ലെങ്കിൽ അതിൻകീഴിലുള്ള ഏതെങ്കിലും ചട്ടത്തിലോ റെഗുലേഷനിലോ നിർദ്ദേശത്തിലോ ഉത്തരവിലോ ഉള്ള ഏതെങ്കിലും വ്യവസ്ഥകളോ ഒരു സർട്ടിഫിക്കറ്റിലെ ഏതെങ്കിലും ഉപാധിയോ അനുസരിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഏതൊരാളും ആദ്യത്തെ കുറ്റത്തിന്റെ സംഗതിയിൽ മൂന്നു മാസത്തോളമാകാവുന്ന തടവുശിക്ഷയോ ഇരുന്നൂറ്റിയൻപത് രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും

കൂടിയോ, രണ്ടാമത്തേതോ പിന്നീടുള്ളതോ ആയ കുറ്റത്തിന്റെ സംഗതിയിൽ ആറുമാസത്തോളമാകാവുന്ന തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

*പ്രോസിക്യൂഷനുകൾക്കുള്ള അനുമതി.*

25. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെയോ, അതതു സംഗതിപോലെ, ചീഫ് പ്രസിഡൻസി മജിസ്ട്രേട്ടിന്റെയോ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഈ ആക്റ്റിൻകീഴിൽ യാതൊരു പ്രോസിക്യൂഷനും ആരംഭിക്കാവുന്നതല്ല.

*ആക്റ്റിൻകീഴിൽ ചുമതലകൾ നിർവ്വഹിക്കുന്ന ആളുകൾ പബ്ലിക് സർവ്വന്റുമാരായിരിക്കുമെന്ന്.*

26. ബോർഡിലെ അംഗങ്ങളും ഈ ആക്റ്റിൻകീഴിൽ അതിന്റെ ഏതെങ്കിലുമധികാരങ്ങൾ പ്രയോഗിക്കുന്നതിന് ബോർഡ് അധികാരപ്പെടുത്തിയ ഓരോ ആളും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യിലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിലെ പബ്ലിക് സർവ്വന്റുമാരായി കരുതപ്പെടേണ്ടതാണ്.

*ഉത്തമവിശ്വാസപൂർവ്വം ചെയ്ത കൃത്യങ്ങൾക്ക് സംരക്ഷണം.*

27. ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും ചുമതലകൾ നിർവഹിക്കുന്ന ഏതൊരാൾക്കെതിരെയും ആക്റ്റിന്റെയോ അതിൻകീഴിലുള്ള ഏതെങ്കിലും ചട്ടത്തിന്റെയോ, റെഗുലേഷന്റെയോ, നിർദ്ദേശത്തിന്റെയോ, ഉത്തരവിന്റെയോ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച ഏതെങ്കിലും വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

*ആലയങ്ങളെ ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം.*

28. (1) ബോർഡുമായി ആലോചിച്ചശേഷം ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ആലയങ്ങളുടെയോ അല്ലെങ്കിൽ ഏതെങ്കിലും ആലയത്തിന്റെയോ സ്ഥിതി ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലെയോ റെഗുലേഷനിലെയോ വ്യവസ്ഥകൾ എല്ലാത്തിലുമോ ഏതിലെങ്കിലുമോ നിന്ന് ഒഴിവാക്കേണ്ടത് ആവശ്യമോ യുക്തമോ ആക്കുന്ന തരത്തിലാണെന്ന് സംസ്ഥാന സർക്കാരിന് ബോദ്ധ്യമാകുന്നപക്ഷം അതിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴിയും അതിൽ നിർദ്ദേശിക്കാവുന്ന കാരണങ്ങളാലും അതിന് ഉചിതമെന്നുതോന്നുന്ന ഉപാധികളും നിയന്ത്രണങ്ങളും പരിമിതികളും, എന്തെങ്കിലുമുണ്ടെങ്കിൽ, അവയ്ക്കുവിധേയമായി അങ്ങനെയുള്ള വിഭാഗത്തിൽപ്പെട്ട ആലയങ്ങളെയോ, അതതു സംഗതിപോലെ, ആലയത്തെയോ ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടത്തിലെയോ റെഗുലേഷനിലെയോ വ്യവസ്ഥകൾ എല്ലാത്തിലുമോ ഏതിലെങ്കിലുമോ നിന്ന് ഒഴിവാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ഒഴിവാക്കൽ അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഓരോ വിജ്ഞാപനവും രണ്ട് വർഷത്തിൽ കവിയാത്ത ഇടവേളകളിൽ ബോർഡുമായി ആലോചിച്ച് പുനരവലോകനം ചെയ്യേണ്ടതും എന്നാൽ ഇതിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും വിജ്ഞാപനം ഏതുസമയത്തും ബോർഡുമായി ആലോചിച്ച്

ഭേദഗതി ചെയ്യുന്നതിനും റദ്ദാക്കുന്നതിനുമുള്ള സംസ്ഥാന സർക്കാരിന്റെ അധികാരത്തെ ബാധിക്കുന്നതുമല്ല.

*ചട്ടങ്ങളുണ്ടാക്കുവാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം.*

29. (1) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേൽപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്കു ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾക്ക് താഴെപ്പറയുന്ന എല്ലാ കാര്യങ്ങൾക്കുമോ അവയിലേതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (ഖ) ഖണ്ഡത്തിൻ കീഴിൽ ബോർഡിലേക്കുള്ള തിരഞ്ഞെടുപ്പിനെ സംബന്ധിച്ചോ അതുമായി ബന്ധപ്പെട്ടോ ഉള്ള എല്ലാ കാര്യങ്ങളും ചെയർമാന്റെ തിരഞ്ഞെടുപ്പും;

(ഖ) ബോർഡിലെ അംഗത്വത്തിനുള്ള അയോഗ്യതകളും, ഏതെങ്കിലും അയോഗ്യത ഉണ്ടായിരിക്കുകയോ അയോഗ്യതയ്ക്കു വിധേയനായിത്തീരുകയോ ചെയ്യുന്ന ഒരംഗത്തെ നീക്കം ചെയ്യുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമവും;

(ഗ) ബോർഡിന്റെ ഫണ്ടുകൾ;

(ഘ) ബോർഡിലെ അംഗങ്ങൾക്കു വാങ്ങാവുന്ന യാത്രാ ബത്തകളും മറ്റു ബത്തകളും;

(ങ) ഈ ആക്റ്റിൻകീഴിൽ ബോർഡിനെ അതിന്റെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിനു പ്രാപ്തമാക്കുവാനുള്ള സ്റ്റാഫിന്റെ നിയമനവും റിക്രൂട്ട്മെന്റും അവരുടെ സേവന വ്യവസ്ഥകളും;

(ച) മാനേജിംഗ് കമ്മിറ്റികളിൽ നിന്നും ബോർഡിൽ നിന്നും റിട്ടേണുകളും മറ്റുവിവരങ്ങളും സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നത്;

(ഛ) അംഗീകാരത്തിനുള്ള സർട്ടിഫിക്കറ്റിന് അപേക്ഷ നൽകേണ്ട ഫാറവും അങ്ങനെയുള്ള അപേക്ഷയിലടങ്ങേണ്ട വിവരങ്ങളും അങ്ങനെയുള്ള സർട്ടിഫിക്കറ്റ് നൽകേണ്ടത് ഏത് ഫാറത്തിലാണെന്നും ഏത് ഉപാധികൾക്ക് വിധേയമായാണെന്നും;

(ജ) ബോർഡ് വച്ചുപോരേണ്ട രജിസ്റ്ററുകളും കണക്കുകളും അതിന്റെ കണക്കുകളുടെ ആഡിറ്റും;

(ഝ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റിൻകീഴിലുണ്ടാക്കിയ എല്ലാ ചട്ടങ്ങളും, അവ ഉണ്ടാക്കിയ

ശേഷം കഴിയുന്നത്രവേഗം സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്റെ മുൻപാകെ വയ്ക്കേണ്ടതാണ്.

*റെഗുലേഷനുകൾ ഉണ്ടാക്കുവാൻ ബോർഡിനുള്ള അധികാരം.*

30. (1) ബോർഡ് ഈ ആക്റ്റിൻകീഴിൽ അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി ഈ ആക്റ്റിനും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും അസംഗതമല്ലാത്ത റെഗുലേഷനുകളുണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള റെഗുലേഷനുകൾക്ക് താഴെപ്പറയുന്ന എല്ലാ കാര്യങ്ങൾക്കുമോ അവയിലേതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്:—

(ക) ബോർഡിന്റെ യോഗങ്ങൾക്കുള്ള സമയവും സ്ഥലവും അങ്ങനെയുള്ള യോഗങ്ങളിൽ കാര്യങ്ങൾ നടത്തുന്നതിന് അനുവർത്തിക്കേണ്ട നടപടിക്രമവും അങ്ങനെയുള്ള യോഗങ്ങളിൽ കാര്യങ്ങൾ നടത്തുന്നതിനാവശ്യമായ കോറവും;

(ഖ) ബോർഡിന്റെ യോഗങ്ങളുടെ മിനിറ്റ്സ് വച്ചുപോരുന്നതും അവയുടെ പകർപ്പുകൾ സംസ്ഥാന സർക്കാരിലേക്കയയ്ക്കുന്നതും;

(ഗ) ബോർഡ് ഈ ആക്റ്റിൻകീഴിലെ അതിന്റെ ചുമതലകൾ നിർവഹിക്കുന്നതിന് സബ്കമ്മിറ്റികളേയും തദ്ദേശ കമ്മിറ്റികളെയും ആളുകളെയും നിയമിക്കുന്നതിന്;

(ഘ) അംഗീകൃത ആലയങ്ങളുടെ നടത്തിപ്പിന്റെ മേൽനോട്ടവും നിയന്ത്രണവും;

(ങ) ആലയങ്ങളുടെ പരിശോധന;

(ച) മാനേജിംഗ് കമ്മിറ്റികളിൽ നിന്ന് റിട്ടേണുകളും മറ്റു വിവരങ്ങളും ബോർഡ് ആവശ്യപ്പെടുന്നത്;

(ഛ) അംഗീകൃത ആലയങ്ങളിലെ അന്തേവാസികളുടെ സ്വീകരണം, പരിരക്ഷണം, പരിചരണം, പരിപാലനം, സംരക്ഷണം, പരിശീലനം, ക്ഷേമം, ശിക്ഷണം, നിയന്ത്രണവും അച്ചടക്കവും;

(ജ) അംഗീകൃത ആലയങ്ങളിലെ അന്തേവാസികളെ സന്ദർശിക്കുന്നതും അവരുമായിട്ടുള്ള സമ്പർക്കവും ഹ്രസ്വകാലയളവിലേക്ക് ആലയത്തിൽനിന്ന് വിട്ടുനിൽക്കുന്നതിന് അങ്ങനെയുള്ള അന്തേവാസികൾക്ക് അനുമതി നൽകുന്നതും;

(ഝ) അംഗീകൃത ആലയങ്ങളിൽനിന്ന് അന്തേവാസികളെ വിട്ടയയ്ക്കുന്നതും, ഒരംഗീകൃതാലയത്തിൽ നിന്ന് മറ്റൊരംഗീകൃതാലയത്തിലേക്ക് അവരെ മാറ്റുന്നതും, ബോർഡിലേക്ക് മാനേജർമാർ അയയ്ക്കേണ്ട റിപ്പോർട്ടുകളും;

(ഞ) ബോർഡിന്റെ അഭിപ്രായത്തിൽ ആലയങ്ങളുടെ കാര്യക്ഷമമായ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വ്യവസ്ഥ ആവശ്യമായ മറ്റേതെങ്കിലും കാര്യവും;

(3) സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, അത് അംഗീകരിച്ച ഏതൊരു റെഗുലേഷനും ഭേദഗതി ചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതും അങ്ങനെ ചെയ്യുന്നതിൻമേൽ റെഗുലേഷന് തദനുസരണം പ്രഭാവം ഉണ്ടായിരിക്കുന്നതും എന്നാൽ (1)-ാം ഉപവകുപ്പിൻകീഴിലുള്ള ബോർഡിന്റെ അധികാരങ്ങളുടെ പ്രയോഗത്തിന് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതുമാണ്.

*റദ്ദാക്കലുകളും ഒഴിവാക്കലുകളും.*

31. (1) ഈ ആക്റ്റ് ഏതെങ്കിലും സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ, സ്ത്രീകളുടെയും കുട്ടികളുടെയും സ്ഥാപനങ്ങൾ (ലൈസൻസ് നൽകൽ) ആക്റ്റ്, 1956 (1956-ലെ 105) അല്ലെങ്കിൽ അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് ഈ ആക്റ്റിന് തത്തുല്യമായി ആ സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും ആക്റ്റ് റദ്ദാക്കപ്പെട്ടതായി കരുതപ്പെടേണ്ടതാകുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാലും പ്രസ്തുത ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ (നൽകിയ എന്തെങ്കിലും നിർദ്ദേശവും ഉണ്ടാക്കിയ ഏതെങ്കിലും രജിസ്റ്ററോ ചട്ടമോ, ഉത്തരവോ ചുമത്തിയ ഏതെങ്കിലും നിയന്ത്രണമോ ഉൾപ്പെടെ) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമാകാത്തിടത്തോളം, അങ്ങനെയുള്ള കാര്യമോ നടപടിയോ മുൻപറഞ്ഞ വ്യവസ്ഥകൾ അങ്ങനെയുള്ള കാര്യം ചെയ്യുകയോ നടപടി എടുക്കുകയോ ചെയ്തപ്പോൾ പ്രാബല്യത്തിലുണ്ടായിരുന്നാലെന്നപോലെ ചെയ്തതായോ എടുത്തതായോ കരുതപ്പെടുന്നതും തദനുസരണം, ഈ ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോമൂലം അതിലംഘിക്കുന്നതുവരെ, പ്രാബല്യത്തിൽ തുടരുന്നതുമാണ്.

---

# THE ORPHANAGES AND OTHER CHARITABLE HOMES (SUPERVISION AND CONTROL) ACT, 1960

**(Act No. 10 of 1960)**

**അനാഥാലയങ്ങളും മറ്റ് ധർമ്മാലയങ്ങളും**
**(മേൽനോട്ടവും നിയന്ത്രണവും) ആക്റ്റ്, 1960**
**(1960-ലെ 10-ാം നമ്പർ ആക്റ്റ്)**

## GLOSSARY

| | | | | | |
|---|---|---|---|---|---|
| 1. | Protective home | — | സംരക്ഷണാലയം | — | Section 3 (b) |
| 2. | Reformatory School | — | ദുർഗുണപരിഹാര പാഠശാല | — | Section 3 (c) |
| 3. | Work house | — | പണിപ്പുര | — | Section 3 (c) |
| 4. | Bequest | — | മരണസ്വത്ത് | — | Section 10 (a) |
| 5. | Maintain | — | നിലനിർത്തുക | — | Section 13 |